# നിർദ്ദിഷ്ട പാത്രക്കടവ് ജലവൈദ്യുത പദ്ധതി നിർദ്ദയം തള്ളിക്കളയുക
# ഭാരതപ്പുഴയിൽ ഇനിയും ഒരണക്കെട്ടുവേണ്ട

ഡോ. എ. ലത, എസ്. ഉണ്ണികൃഷ്ണൻ, കെ. മധു

ലോകത്തിലെ തന്നെ സുപ്രധാന സംരക്ഷിത മേഖലയായ നീലഗിരി ജൈവമേഖലയുടെ നിർണായക പ്രാധാന്യമുള്ള പ്രദേശമാണ് സൈലന്റ്വാലി നാഷണൽ പാർക്ക്. പ്രബുദ്ധരായ കേരള ജനത കാൽനൂറ്റാണ്ട് മുമ്പ് ഉപേക്ഷിച്ച ഈ പദ്ധതി ഇപ്പോൾ വളരെ കൗശലത്തോടെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് പുനരവതരിപ്പിക്കുകയാണ്, പാത്രക്കടവ് ജലവൈദ്യുത പദ്ധതി എന്ന പേരിൽ ഈ പേരുകേട്ടാൽ ഈ പദ്ധതിയെക്കുറിച്ചുള്ള പരിസ്ഥിതി ആഘാതപഠനം വായിച്ചാൽ തോന്നുക സൈലന്റ്വാലി നാഷണൽ പാർക്കുമായി നിർദ്ദിഷ്ട പദ്ധതിയ്ക്ക് പുലബന്ധം പോലുമില്ല എന്നാണ്. യാതൊരുവിധ പ്രചരണവും മുന്നറിയിപ്പും ഇല്ലാതെ നിർദ്ദിഷ്ട പദ്ധതിയ്ക്കുള്ള പൊതു തെളിവെടുപ്പ് മെയ് 21-ാം തിയ്യതി മണ്ണാർക്കാട് നിന്നും മൂന്ന് കിലോമീറ്റർ അകലെ തീരെ സൗകര്യമില്ലാത്ത ചേറുംകുളം സ്കൂളിൽവെച്ച് നടത്തുന്നത് തന്നെ ഞങ്ങൾ കിണ്ണം കട്ടിട്ടില്ല എന്ന് പറയാനുള്ള വൈദ്യുത ബോർഡിന്റെ തന്ത്രത്തെയല്ലേ സൂചിപ്പിക്കുന്നത്?

സൈലന്റ്വാലി കാടുകളുടെ 'നിഘണ്ടു' തന്നെ എഡിറ്റ് ചെയ്ത (സൈലന്റ്വാലി: വിഷ്പേർസ് ഓഫ് റീസൺ / Silent valley - Whisper of Reason) പഴയ വനംവകുപ്പ് കൺസർവേറ്റർ വൈദ്യുതി ബോർഡ് ചെയർമാന്റെ (ടി.എൻ. മനോഹരൻ) നെടുനായക വേഷത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു തട്ടുപൊളിപ്പൻ നാടകം കൂടിയാണിത്. കുന്തിപുഴയിലെ ഒഴുക്ക് 20 കൊല്ലം കൊണ്ട് ഇരട്ടിയായി എന്ന് പരിസ്ഥിതി ആഘാത പഠനത്തിൽ രേഖപ്പെടുത്തിയ എഞ്ചിനിയർമാരുടേയും ശാസ്ത്രജ്ഞന്മാരുടേയും ഒരു വൻ താരനിര തന്നെ ഒപ്പം അഭിനയിക്കുന്നുണ്ട്. മണ്ണാർക്കാട്, കുമരം പുത്തൂർ പഞ്ചായത്തുകളിലെ പാവപ്പെട്ട ജനങ്ങളെയും പഞ്ചായത്തു മെമ്പർമാരെയും മധുരവാക്കുകൾ പറഞ്ഞ് പറ്റിക്കുകയാണ് വൈദ്യുത ബോർഡ് ഉദ്യോഗസ്ഥർ ചെയ്തിട്ടുള്ളത്. പവർ ഹൗസിനായി ആറു വീട്ടുകാരുടെ ഭൂമി പൊന്നുവിലയ്ക്കു എടുക്കും എന്ന് വാഗ്ദാനം ചെയ്ത വൈദ്യുത ബോർഡ് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ വളരെ ചെറിയ തുകയാണ് ഇതിനായി കാണിച്ചിരിക്കുന്നത്. മാത്രവുമല്ല ഹൈടെൻഷൻ ലൈൻ മുതലായ അനുബന്ധ പദ്ധതികൾക്ക് എത്ര പേരെ കുടിയൊഴിപ്പിക്കാനുപോലും ഈ റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. ടൂറിസം കൊണ്ട് പഞ്ചായത്തിന് വരുമാനം ഉണ്ടാകാമെന്ന് വാർഡ് മെമ്പർമാർക്ക് വാഗ്ദാനം നൽകിയപ്പോൾ റിപ്പോർട്ടിൽ പറയുന്നത് ഈ പ്രദേശത്ത് യാതൊരുവിധ ടൂറിസം പരിപാടിയും പാടില്ല എന്നാണ്. നാട്ടുകാർക്ക് സൈലന്റ്വാലിയുടെ പ്രാധാന്യം അറിയില്ലെന്നും റിപ്പോർട്ടിൽ എഴുതിവെയ്ക്കാൻ ശാസ്ത്രജ്ഞന്മാർക്ക് അപാര ചങ്കൂറ്റം തന്നെ വേണം. നാട്ടുകാരുടെ ഉത്തരവാദിത്തമുള്ളതുകൊണ്ട് കൂടിയാണ് ഈ വനമേഖല ഇത്രയെങ്കിലും ബാക്കി നിലനിൽക്കുന്നത്.

തീർത്തും സുതാര്യമായും സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തുകളുടെയും നാട്ടുകാരുടെയും സഹകരണത്തോടുകൂടിയും നടത്തേണ്ട പരിസ്ഥിതി ആഘാത പഠനത്തെകുറിച്ച് കുന്തിപുഴയോ ഈ പുഴയെയോ ആശ്രയിക്കുന്ന ജനങ്ങൾക്ക് ഈ പഠനത്തെക്കുറിച്ചോ പദ്ധതിയെക്കുറിച്ചോ യാതൊന്നും അറിയിച്ചില്ല എന്നതുതന്നെ ഈ പഠനം വെറും പ്രഹസനമാണെന്ന് തെളിയിക്കുന്നു. ഈ പുഴയെ നേരിട്ടാശ്രയിക്കുന്ന പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, കുമരം പുത്തൂർ, കരിമ്പുഴ, കോട്ടോപാടം തച്ചനാട്ടുക്കര, ശ്രീകൃഷ്ണപുരം, വെള്ളിനേഴി, തിരുവേഗപ്പുറ വിളയൂർ, പരുത്തൂർ എന്നീ പഞ്ചായത്തുകളെയും മലപ്പുറം ജില്ലയിലെ പുലാമന്തോൾ, മൂർക്കനാട്, ഇരുമ്പിളിയം വാളാഞ്ചേരി, കുറ്റിപ്പുറം, തിരുനാവായ, തൃപങ്ങോട് പുറത്തൂർ എന്നീ പഞ്ചായത്തുകളിലെയും പൊന്നാനി മുനിസിപ്പാലിറ്റിയിലെയും ജനങ്ങളുടെ കുടിവെള്ളം പോലും മുട്ടിക്കുന്നതായിരിക്കും നിർദ്ദിഷ്ട പദ്ധതി.

ഭാരതപ്പുഴയിൽ നിന്നും കുടിവെള്ളം പമ്പു ചെയ്യുന്ന തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ മറ്റനേകം പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ടൗൺഷിപ്പുകളെയും നിർദ്ദിഷ്ട പദ്ധതി പ്രതികൂലമായി ബാധിക്കും.

*ചാലക്കുടി പുഴ സംരക്ഷണസമിതി*
*C/o. കാർത്തിക, എടക്കുന്നി, ഒല്ലൂർ*
*പിൻ - 680 312. ഫോൺ : 0487-2353021*

**കേരളീയം**

**വരിക്കാരുടെ ശ്രദ്ധയ്ക്ക് :**

കഴിഞ്ഞ അഞ്ചര വർഷത്തിലധികമായി (83 ലക്കങ്ങൾ) പ്രസിദ്ധീകരിച്ചുവരുന്ന നിങ്ങളുടെ കേരളീയം വായനക്കാരിൽനിന്ന് വരിസംഖ്യ പ്രതീക്ഷിക്കുന്നു. വരിസംഖ്യ കുടിശ്ശിക വരുത്തിയവർക്കും കുറേക്കാലങ്ങളായി മാസിക അയച്ചുവരികയാണ്. ഇനി മുതൽ കുടിശ്ശികയും ഒപ്പം പുതിയ വരിസംഖ്യയും (120 രൂപ) അയയ്ക്കാത്തവർക്ക് മാസിക ലഭിക്കുന്നതല്ല. കേരളീയം മെച്ചപ്പെട്ട രീതിയിൽ നിലനിൽക്കാൻ നിങ്ങളുടെ സാമ്പത്തിക പിന്തുണയും അത്യാവശ്യം.

തുക എം.ഒ./ഡി.ഡി./ചെക്ക് (കളക്ഷൻ ചാർജ്ജ് കൂട്ടിച്ചേർത്ത്) അയയ്ക്കുക.

മാനേജിങ്ങ് എഡിറ്റർ, കേരളീയം, കൊക്കാല, തൃശൂർ-21. ഫോ. : 2421385